പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: **245** **08.06.2015 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## ജനശ്രീമിഷനിലെ സാമ്പത്തിക തട്ടിപ്പ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻനായർ**<br>**ശ്രീ.ടി.വി.രാജേഷ്**<br>**ശ്രീ.കെ.ദാസൻ**<br>**ശ്രീ.കെ.വി.വിജയദാസ്.** | **ശ്രീ. രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)** |
| (എ) ജനശ്രീമിഷന്റെ നേതൃത്വത്തിൽ നടന്നതായി ആരോപിക്കപ്പെട്ട സാമ്പത്തിക തട്ടിപ്പിനെ പറ്റിയുള്ള പോലീസ് അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ: | (എ) ജനശ്രീ മിഷനുമായി ബന്ധപ്പെട്ട് നടന്നതായി ആരോപിക്കപ്പെട്ട സാമ്പത്തിക തട്ടിപ്പിനെ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ ക്രൈം നം. 280/15 u/s 406, 420, 434 IPC & 13 & 17 of Kerala Money Lenders Act പ്രകാരമുള്ള കേസ് വെഞ്ഞാറമൂട് പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരികയാണ്. |
| (ബി) സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട് ജനശ്രീ മിഷന്റെ ഏതെല്ലാം ആപ്പീസുകളിൽ പോലീസ് റെയ്ഡ് നടത്തുകയുണ്ടായി; തട്ടിപ്പിനിരയായവർ എത്ര; എത്ര കോടി രൂപയുടെ തട്ടിപ്പുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്; | (ബി) ഇതു സംബന്ധിച്ച് വെഞ്ഞാറമൂട്-ജനശ്രീ സുസ്ഥിര വികസന മിഷൻ, നെല്ലനാട് മണ്ഡലം സഭാ ഓഫീസിൽ റെയ്ഡ് നടത്തുകയുണ്ടായി. എഴുപതോളം പേർ തട്ടിപ്പിനിരയായിട്ടുണ്ട്. 28 ലക്ഷം രൂപയുടെ തട്ടിപ്പുകൾ കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്. |

(സി) ജനശ്രീ നെല്ലനാട് മണ്ഡലം കമ്മിറ്റിയിൽ പ്രസ്തുതതട്ടിപ്പിൽ ഉൾപ്പെട്ടിട്ടുള്ളവർ ആരൊക്കെയായിരുന്നു; ആരെയെല്ലാം പ്രതിചേർത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; അറസ്റ്റു ചെയ്യപ്പെട്ടവരെത്ര; ആരൊക്കെ; വ്യക്തമാക്കാമോ?

(സി) ജനശ്രീ നെല്ലനാട് മണ്ഡലം കമ്മിറ്റി സെക്രട്ടറിയായ പൊങ്ങൻവിള ചന്ദ്രൻ @ വിജയചന്ദ്രൻ നായർ ഒന്നാം പ്രതിയായും, ടി കമ്മിറ്റിയുടെ പ്രസിഡന്റായ വയ്യേറ്റ് ചന്ദ്രൻ എന്ന ചന്ദ്രശേഖരൻ നായർ എന്നയാളെ രണ്ടാം പ്രതിയായും രജിസ്റ്റർ ചെയ്തിട്ടുള്ള കേസിൽ ഒന്നാം പ്രതിയെ അറസ്റ്റ് ചെയ്തിട്ടുള്ളതും രണ്ടാം പ്രതി ഹൈക്കോടതി ജാമ്യത്തിലുമാണ്.

സെക്ഷൻ ഓഫീസർ